

ഭഗവാന്റെ മഹാകാളസ്വരൂപവും ദൂഷണാസുരവധവും

ഡോ. അദിതി

അവന്തി എന്നു പേരുള്ള മനോഹരമായ ഒരു പട്ടണമുണ്ട്. സമസ്തപ്രാണികൾക്കും മോക്ഷം കൊടുക്കുന്ന ഒരു രക്ഷാസ്ഥാനമായിട്ടാണ് അവന്തി അറിയപ്പെടുന്നത്. ഭഗവാൻ ശിവനും അവന്തി ദേശം അത്യന്തം പ്രിയപ്പെട്ടതാണ്. പരമപുണ്യമയമായ ആ സ്ഥലം സമസ്തലോകത്തെയും പവിത്രമാക്കുന്നതാണ്. അവിടെ ഒരു ശ്രേഷ്ഠബ്രാഹ്മണൻ താമസിച്ചിരുന്നു. വൈദികനായ ആ ബ്രാഹ്മണൻ ശുഭകർമനിരതനും എന്നും വേദപാരായണം നടത്തുന്നവനും യാജ്ഞികകർമം ചെയ്യുന്നവനുമായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ എന്നും യാഗാഗ്നി ജ്വലിച്ചിരുന്നു. അഗ്നിഹാത്രയാഗവും ശിവപൂജയും ആ വീട്ടിൽ മുടങ്ങിയിരുന്നേയില്ല. മണ്ണുകൊണ്ടൊരു ശിവലിംഗമുണ്ടാക്കിയാണ് ആ ബ്രാഹ്മണൻ ശിവപൂജ ചെയ്തിരുന്നത്. സത്കർമചാരിയായ ആ ബ്രാഹ്മണന്റെ പ്രവൃത്തിയുടെ ഫലമായി സജ്ജനങ്ങൾക്കു യോജിച്ച സദ്ഗതി പ്രാപിച്ചു. ആ ബ്രാഹ്മണന് ശിവപൂജയിൽ തത്പരരായ തേജസ്വികളായ നാലു പുത്രന്മാരുണ്ടായിരുന്നു. ഈ പുത്രന്മാർക്കും അവരുടെ അച്ഛനായ വൈദിക ബ്രാഹ്മണന്റെ മഹത്വമുണ്ടായിരുന്നു. ആ നാലു മക്കൾ ദേവപ്രിയൻ, പ്രിയമേഘൻ, സുകൃതൻ, സുവ്രതൻ എന്നിവരായിരുന്നു. ഈ നാലുപേരുടെയും ഐശ്വര്യം കൊണ്ട് അവന്തിദേശം ബ്രഹ്മതേജസ്സുകൊണ്ടു നിറഞ്ഞു.

അക്കാലത്ത് രത്നമാല പർവതത്തിൽ ദൂഷണൻ എന്നു പേരുള്ള ഒരു അസുരൻ പാർത്തിരുന്നു. അയാൾ ധർമഘാതകനായിരുന്നു. ബ്രഹ്മാവിൽ നിന്നു സ്വീകരിച്ച വരബലം കൊണ്ട് ഉന്മത്തനായ ആ അസുരൻ ധാർമികന്മാരെയെല്ലാം ആക്രമിച്ചു. ഒടുവിൽ ആ അസുരൻ അവന്തിദേശത്തെയും ആക്രമിക്കാനെത്തി. നാലു രാക്ഷസന്മാർ അവന്തിയുടെ നാലു ദിക്കിലൂടേയും പ്രളയാഗ്നി പോലെ അവന്തിയെ ആക്രമിക്കാൻ തുടങ്ങി. ശിവഭക്തന്മാരായ ദേവപ്രിയാദികൾ തെല്ലും അനങ്ങിയില്ല. അവർ ശിവലിംഗപൂജയിൽ ദത്തചിത്തരായിത്തന്നെയിരുന്നു.

ഇതിനുള്ളിൽ ദൂഷണൻ ശിവപൂജയിലിരിക്കുന്ന നാലുബ്രാഹ്മണരെയും കണ്ടു. ഇവരെ പിടിച്ചു കെട്ടി അടിക്കുവാൻ ദൂഷണൻ തന്റെ സേനകൾക്ക് നിർദേശം കൊടുത്തു. ശിവപൂജയിൽ ബദ്ധശ്രദ്ധരായിരുന്ന ബ്രാഹ്മണന്മാർ അസുരന്മാരുടെ സാന്നിദ്ധ്യം പോലും അറിഞ്ഞില്ല. അസുരന്റെ കല്പനകേട്ട് ദൈത്യസേന ബ്രാഹ്മണന്മാരെ മർദ്ദിക്കുവാൻ തുടങ്ങവെ അവർ പൂജിച്ചിരുന്ന മൃൺമയമായ ശിവലിംഗത്തിന്റെ സ്ഥാനം ഭയാനകമായ ഒരു ശബ്ദത്തോടെ പിളർന്നു. ആ പിളർപ്പിൽ നിന്നു വികടരൂപധാരിയായ ഭഗവാൻ ശിവൻ പ്രത്യക്ഷപ്പെട്ടു. ഈ രൂപം മഹാകാലൻ എന്നാണ് പിന്നീട് അറിയപ്പെട്ടത്. ആ ശിവരൂപം ദൈത്യന്മാരോട് ഗർജിച്ചു: "ഹേ ദുർബുദ്ധികളേ ഈ മഹാകാലവേഷത്തിൽ ഞാനിവിടെ വന്നിരിക്കുന്നത് ദുഷ്ടാത്മാക്കളായ നിങ്ങളെ വകവരുത്താനാണ്." മഹാകാലനായ ഭഗവാൻ ഒരു ഹുങ്കാരം കൊണ്ടു തന്നെ ദൂഷണസേനയെയും ദൂഷണനെയും ഭസ്മമാക്കി. സൂര്യനെ കണ്ടമാത്രയിൽ അന്ധകാരം അദൃശ്യമാകുന്നതുപോലെ ദൈത്യസേന അദൃശ്യമായി. പ്രസന്നചിത്തനായ ഭഗവാൻ ബ്രാഹ്മണനോട് ഇഷ്ടവരം അഭ്യർഥിക്കാൻ പറഞ്ഞു. ബ്രാഹ്മണൻ തൊഴുകയ്യോടെ ഭഗവാനോട് പറഞ്ഞു. "അങ്ങ് ഞങ്ങളെ ഈ സംസാരസാഗരത്തിൽ നിന്നു മോചിപ്പിക്കണം. ജനസാമാന്യത്തെ രക്ഷിക്കുവാൻ അങ്ങ് ഇവിടെ കുടികൊള്ളുകയും വേണം". അപ്രകാരമാകട്ടെയെന്ന് ഭഗവാൻ അരുളിച്ചെയ്തു. ആ ശിവസ്വരൂപം മഹാകാളേശ്വരരൂപത്തിൽ അവിടെ സ്ഥിതി ചെയ്യുകയും ചെയ്തു.

അസുരന്മാർ അടിസ്ഥാനപരമായി രാക്ഷസീയഭാവം കൂടുതലുള്ളവരാണ്. അവരിൽ ചിലർ തപോബലം കൊണ്ടു ശക്തിയാർജിക്കാറുണ്ട്. അപ്രകാരം ശക്തിയാർജിക്കുന്നവരും ആസുരഭാവം കൈവിടാത്തതിനാൽ സുകൃതക്ഷയം വരുത്തിവയ്ക്കാറുണ്ട്. ആ സുകൃതക്ഷയം അസുരഭാവത്തിന്റെ നാശത്തിന് വഴിതെളിക്കും. പ്രകൃതത്തിൽ ദൂഷണാസുരന്റെ നൈസർഗികമായ രാക്ഷസീയഭാവം ബ്രഹ്മതേജസ്വികളായ ബ്രാഹ്മണൻ ധാർമികമായി പരിപാലിച്ചു വരുന്ന അവന്തിയെ ആക്രമിക്കാനിടയാക്കി. രാക്ഷസീയഭാവത്തെ ആത്യന്തികമായി സാത്വികഭാവം അതിജീവിക്കുമെന്നുള്ളത് ഒരു സനാതനനിയമമാണ്. മഹാകാലനായുള്ള മഹാദേവന്റെ അവതാരവും ദൂഷണാസുരവധവും സനാതനമായ സാത്വികഭാവത്തിന്റെ മേൽക്കോയ്മയെ വെളിവാക്കുന്നു.

ഋഗ്വേദം

സത്യാനന്ദപ്രകാശികാവ്യാഖ്യാ

ഡോ. ബൃഹസ്പതി ചൈതന്യ

അഷ്ടകം 1

അദ്ധ്യായം 1 – സൂക്തം 13 മന്ത്രം 4

കണ്വൻ ഋഷി, ഗായത്രി ഛന്ദസ്സ്, പന്ത്രണ്ട് ദേവതമാർ

മുൻപത്തേതു പോലെ അഗ്നി വർണനതന്നെയാണ് ഈ മന്ത്രത്തിലും

അഗ്നേ സുഖതമേ രഥേ
ദേവാൻ ഈളിത ആ വഹ
അസി ഹോതാ മനുർഹിതഃ

(മനുഷ്യൈഃയഃ) അഗ്നേ	–	മാനവരാൽ യാതൊരു ഭൗതീകമായ അഗ്നി യാണോ
ഹോതാ	–	എല്ലാ സുഖവും കൊടുക്കുന്നതായും
ഈളിതഃ	–	എല്ലാവരാലും സ്തുതിക്കപ്പെടാൻ യോഗ്യ മായതായും
അസി (അസതി)	–	ഉള്ളത്
(സഃ) സുഖതമേ	–	ആ അഗ്നി അത്യന്തം സുഖം പ്രദാനം ചെയ്യുന്നതും
(ഏവം)രഥേ	–	വിമാനാദികളിൽ കയറിയുള്ള സഞ്ചാര ത്തിലും
മനുഹിതഃ	–	വിദ്വാന്മാരാൽ തയ്യാറാക്കപ്പെട്ടതുമായ
ദേവാൻ	–	ദിവ്യഭോഗങ്ങളെ
ആവഹ	–	നല്ലവണ്ണം എല്ലായിടത്തും എത്തിക്കുന്നു

ഭൂതലത്തിലൂടെയും ജലത്തിലൂടെയും വായുമാർഗത്തിലൂടെയും ഗമനാഗമനം ചെയ്യുന്നതിന് ഉള്ള രഥം ചലിക്കുന്നത് അഗ്നിശക്തി കൊണ്ടും അഗ്നിശക്തിജന്യമായ ജലശക്തികൊണ്ടും വായു ശക്തികൊണ്ടുമാണ്. ആ നിലയിൽ മൂന്നു തലത്തിലുള്ള ഗമനാഗമനസൗകര്യം അഗ്നി(ഊർജ്ജം) തരപ്പെടുത്തുന്നു. ഈ നിലയിൽ ഊർജ്ജം സർവ്വതോമുഖമായ സുഖകാരിയാണ്.

അധ്യാത്മ രാമായണം

പാദപൂജാ വ്യാഖ്യാനം

ജഗദ്ഗുരു സ്വാമി സത്യാനന്ദസരസ്വതി

ബാലകാണ്ഡം – 127

'പുത്രനായ് പിറക്കേണമെനിക്കു ഭവാനെന്നു
സത്വരമപേക്ഷിച്ചകാരണമിന്നു നാഥൻ
പുത്രനായ് പിറന്നിതു രാമനെന്നറിഞ്ഞാലും
പൃഥ്വീന്ദ്ര! ശേഷൻതന്നെ ലക്ഷ്മണനാകുന്നതും
ശംഖചക്രങ്ങളല്ലോ ഭരതശത്രുഘ്നന്മാർ
ശങ്ക കൈവിട്ടു കേട്ടുകൊണ്ടാലുമിനിയും നീ.
യോഗമായാദേവിയും സീതയായ് മിഥിലയിൽ
യാഗവേലായാമയോനിജയായുണ്ടായ് വന്നു.
ആഗതനായാൻ വിശ്വാമിത്രനുമവർ തമ്മിൽ
യോഗം കൂടീടുവതിനെന്നറിഞ്ഞീടണം നീ.
എത്രയും ഗുഹ്യമിതു വക്തവ്യമല്ലതാനും
പുത്രനെക്കൂടെയയച്ചീടുക മടിയാതെ.'

പുത്രനായ് പിറക്കേണ മെനിക്കു ഭവാനെന്നു		
സത്വരമപേക്ഷിച്ച കാരണം	–	വിഷ്ണുഭഗവാൻ കശ്യപന് (ദശരഥന്) മകനായ് ഭവിക്കണമെന്ന് ഉടൻ അപേക്ഷിച്ചതു നിമിത്തം.
പൃഥ്വീന്ദ്രൻ	–	രാജാവ്
ശേഷൻ	–	അനന്തൻ (വിഷ്ണു) ഭഗവാൻ ശ്രീരാമനും അനന്തൻ ലക്ഷ്മണനും ശംഖും ചക്രവും ഭരതനും ശത്രുഘ്നനും ആയിട്ട് അവതരിച്ചുവെന്ന് പുരാണം.
ശങ്കകൈവിട്ട്	–	സംശയം വെടിഞ്ഞ്
സീതയായി	–	സീതയെന്ന പേരോടു കൂടിയവളായി (സീതയിൽ നിന്ന് ജനിച്ചവളായി)

സീതയുടെ ഉൽപ്പത്തിയെപ്പറ്റി ഓരോരോ ഗ്രന്ഥങ്ങളിലും ഓരോതരം അഭിപ്രായം കാണുന്നുണ്ട്. മനുക്കളിലൊരാളായ ഇന്ദ്രസാവർണിയുടെ മകനായ വൃഷധ്വജൻ എന്നൊരു രാജാവിന്റെ മക്കളുടെ മക്കളായി ധർമധ്വജനും കുശധ്വജനും ജനിച്ചു. ഇവരിൽ കുശധ്വജന് വേദവതി എന്നൊരു മകളുണ്ടായി. ശംഭു എന്നൊരസുരൻ യൗവനയുക്തയായ വേദവതിയെ ആവശ്യപ്പെട്ടു. അച്ഛനായ കുശധ്വജൻ വിസമ്മതിച്ചു. രാത്രിയിൽ ശംഭു കുശധ്വജനെ വധിച്ചു. വേദവതിയുടെ നോട്ടത്തിൽ ശംഭു ചാമ്പലായി. വിഷ്ണുവിനെ ഭർത്താവായി ലഭിക്കുന്നതിന് ഹിമവൽ പ്രദേശത്ത് വേദവതി തപസ്സാരംഭിച്ചു. അതുവഴി കടന്നുപോയ രാവണൻ, തന്നെ ഭർത്താവായി സ്വീകരിക്കണമെന്ന് വേദവതിയോടാവശ്യപ്പെട്ടു. അപേക്ഷ നിരസിച്ചുകൊണ്ട് വേദവതി ചിതയിൽ ചാടി മരിച്ചു. ചിതാഭസ്മം ഒരു പെട്ടിയിലാക്കി രാവണൻ ലങ്കയിൽ സൂക്ഷിച്ചു. പെട്ടി നശിപ്പിക്കാതെതന്നെ വെളിയിലേക്ക് മാറ്റണമെന്ന നാരദന്റെ നിർദേശമനുസരിച്ച് ആ പെട്ടി കടലിൽ നിക്ഷേപിക്കപ്പെട്ടു. തിരയടിച്ച് അത് ഭാരതഭൂമിയുടെ തീരത്തെത്തി. കള്ളന്മാർ ഈ പെട്ടി വടക്കുഭാഗത്തേക്ക് കൊണ്ടുപോയി ഒരു കാട്ടിൽ സൂക്ഷിച്ചു. അവിടെനിന്ന് അത് മിഥില രാജ്യത്തുള്ള നദീതടത്തിലെത്തി. യാഗത്തിനുവേണ്ടി ജനകമഹാരാജാവ് ഈ സ്ഥലം ഉഴുതപ്പോൾ പെട്ടി കിട്ടുകയും അതിലിരുന്ന വേദവതിയുടെ ചിതാഭസ്മം ഒരു ശിശുവായിത്തീരുകയും ചെയ്തു. അങ്ങനെ സീതയിൽ നിന്നു കിട്ടിയതുകൊണ്ട് സീതയെന്ന് പേർ നൽകി. സീതയുടെ ജനനവൃത്താന്തത്തെപ്പറ്റി വേറെയും ചില കഥകൾ പ്രചരിക്കുന്നുണ്ട്. പത്മാക്ഷന് പത്മയെന്നു പേരുള്ള ഒരു പെൺകുഞ്ഞു ലഭിച്ചു. പത്മയുടെ സ്വയംവരത്തിനുള്ള ഒരുക്കങ്ങളെ രാക്ഷസന്മാർ തകർത്തു. പത്മാക്ഷൻ അതിൽ മരണമടഞ്ഞു. പത്മ അഗ്നി പ്രവേശം ചെയ്തു. രാവണൻ തന്റെ സഞ്ചാരവേളയിൽ ഒരു ദിവസം പത്മയെ ചിതയ്ക്കരികിൽ കണ്ടു. പത്മ വീണ്ടും ചിതയിലേക്ക് മറഞ്ഞു. രാവണൻ ചിതയിൽ നിന്നു കണ്ടെടുത്ത അഞ്ചു രത്നങ്ങൾ (പത്മയുടെ ജഡം) പെട്ടിയിലാക്കി മണ്ഡോദരിയെ ഏൽപ്പിച്ചു. ആ പെട്ടിയിൽ നിന്നുണ്ടായ കന്യക കുലനാശം വരുത്തുമെന്നു കരുതി അവളെ പെട്ടിയിലടക്കം ചെയ്ത് മിഥിലയിൽ കുഴിച്ചിട്ടു. കുലനാശത്തിനായി താൻ വീണ്ടും ജനിക്കുമെന്ന് രാവണന് ശാപവും ലഭിച്ചു. യാഗത്തിനായി ഉഴവു നടത്തിയ ബ്രാഹ്മണനിൽ നിന്നു പെട്ടി ജനകമഹാരാജാവിനു ലഭിച്ചു. അതിൽ നിന്നു കിട്ടിയതാണ് സീത.

രാവണൻ മയന്റെ പുത്രിയായ മണ്ഡോദരിയെ വിവാഹം കഴിച്ചു. ആദ്യസന്താനം കുലദ്രോഹിയായിരിക്കുമെന്ന് മയൻ രാവണനെ ഉപദേശിച്ചിരുന്നു. ആയതിനാൽ മണ്ഡോദരിയുടെ പ്രഥമ ശിശുവിനെ ഒരു പെട്ടിയിലാക്കി രാവണൻ മിഥിലാപുരിയിൽ കുഴിച്ചിട്ടു. അങ്ങനെ ബ്രാഹ്മണൻ ഉഴുതപ്പോൾ കിട്ടിയതാണ് സീതയെന്ന മറ്റൊരു കഥയുണ്ട്.

യാഗവേലായാം	–	യാഗവേളയിൽ
അയോനിജ	–	മനുഷ്യയോനിയിൽ ജനിക്കാത്തവൾ
ഉണ്ടായ് വന്നു	–	ജനിച്ചു
ആഗതനായാൻ	–	വന്നുചേർന്നു
അവർ തമ്മിൽ യോഗം കൂട്ടീടുവതിന്ന്	–	സീതാരാമന്മാർ ഒരുമിച്ചു കൂടുന്നതിന് (വിശ്വാമിത്രനുമൊത്ത് യാഗരക്ഷ നിർവഹിച്ച ശേഷം ശ്രീരാമൻ മിഥിലാരാജ്യത്തിലെത്തി സീതയെ വിവാഹം കഴിച്ചു).
എത്രയും ഗുഹ്യം	–	അതീവരഹസ്യം
ഇത്	–	രാമസീതാരഹസ്യം
വക്തവ്യമല്ല	–	പറയപ്പെടേണ്ടതല്ല

ഭഗവാൻ തന്നെ പുത്രനായിപ്പിറക്കേണമെന്നായിരുന്നു നിങ്ങളുടെ അപേക്ഷ. ആ അപേക്ഷയുടെ ഫലമായിപ്പിറന്ന പുത്രനാണ് രാമൻ. അനന്തൻ ലക്ഷ്മണനും ശംഖചക്രങ്ങൾ ഭരതശത്രുഘ്നന്മാരുമാണ്. ഇക്കാര്യത്തിൽ നിനക്കു സംശയം വേണ്ട. യോഗമായാദേവി സീതയായിട്ട് മിഥിലയിൽ ജനിച്ചു. യാഗശാലയ്ക്കു ഉഴവു നടത്തുമ്പോൾ സീതയിൽ നിന്നു ലഭിച്ചവളാണ് സീത. അവൾ അയോനിജ (പ്രസവത്തിലൂടെയല്ലാതെ ജനിച്ചവൾ)യാണ്. മൈഥിലയേയും രാമനേയും കൂട്ടിയിണക്കുവാനാണ് വിശ്വാമിത്രൻ വന്നിരിക്കുന്നത്. ഇത് പറയാൻ പാടില്ലാത്ത രഹസ്യമാണ്. അതുകൊണ്ട് ഒരു മടിയും കൂടാതെ പുത്രനെ വിശ്വാമിത്രനോടൊത്ത് അയയ്ക്കുക.

ശ്രീശങ്കരൻ ലൗകിക ദൃഷ്ടാന്തങ്ങളിലൂടെ-118

വൈവിധ്യമാർന്ന പ്രപഞ്ചപ്രതീതിക്കുള്ള കാരണം ഈ ദൃഷ്ടാന്തത്തിൽ വ്യക്തമാക്കുന്നു.

ഘടാഭാവേഘടാകാശോമ ഹാകാശോ യഥാതഥാ

സർവവേദാന്ത സിദ്ധാന്തസംഗ്രഹം 694

കുടമുടഞ്ഞുപോയാൽ കുടത്തിലെ ആകാശം മഹാകാശത്തിൽ ലയിക്കുംപോലെ.

സകല ചരാചരങ്ങളുടേയും ഉപാദാനകാരണം ബ്രഹ്മം തന്നെ. ബ്രഹ്മം ഒന്നു മാത്രമേയുള്ളൂ. ചരാചരങ്ങൾ പിന്നെ വൈവിധ്യമാർന്നതെങ്ങനെ? ചന്ദ്രൻ ഒന്നേയുള്ളൂവെങ്കിലും തിമിരം ബാധിച്ചവന് അത് രണ്ടായി കാണാം. ഇത് ചന്ദ്രന്റെ ദോഷമല്ല. ദൃഷ്ടിയുടെ ദോഷമാണ്. ഇതുപോലെ ബുദ്ധിയുടെ ദോഷംകൊണ്ടാണ് എല്ലാത്തിലും ബ്രഹ്മം മാത്രം ഉപാദാനകാരണമാണെങ്കിലും പലതായിത്തോന്നുന്നത്. ബുദ്ധി ദോഷം മാറി ബ്രഹ്മത്തെ അറിയുമ്പോൾ വൈവിധ്യമാർന്ന ഈ പ്രപഞ്ചപ്രതീതി അവിടെ തന്നെ അസ്തമിക്കും. ഇവിടെ ബുദ്ധി ദോഷം കൊണ്ടുണ്ടായിരുന്ന ദ്വൈതബുദ്ധി ഇല്ലാതായത് ദ്വൈതാദിഭാവങ്ങളെല്ലാം ബുദ്ധി ദോഷം കൊണ്ട് ധരിക്കാൻ ഇട വന്ന ഉപാധികളുടെ നാനാത്വം കൊണ്ടാണ്. ഈ തത്വമാണ് പ്രകൃതദൃഷ്ടാന്തം വ്യക്തമാക്കുന്നത്.



ഒരു കുടത്തിന്റെ ഉള്ളിലുള്ള ശൂന്യതയെ കുടത്തിന്റെ ആകാശം എന്നാണ് പറയുന്നത്. എപ്പോഴും എങ്ങും നിറഞ്ഞു നിൽക്കുന്ന മഹാകാശം സർവവിദിതമാണ്. എപ്പോഴും എങ്ങും നിറഞ്ഞുനിൽക്കുന്ന ആകാശം ഒന്നാണെന്നിരിക്കെ 'ഘടാകാശം' എന്ന വ്യവഹാരം എങ്ങനെ യുക്തമാകും. അത് 'ഗ്രാമക്ഷേത്രാദ്യവധിഭിർ, ഭിന്നേവ വസുധായഥാ' (ഒരേ ഭൂമിയെ ഗ്രാമം, പട്ടണം, വയൽ എന്നിങ്ങനെ ഭിന്നമായി കണക്കാക്കുന്നതുപോലെയാണ്) എന്നാണ് ശ്രീശങ്കരന്റെ സമാധാനം. ഇപ്രകാരം കല്പിതമായിരിക്കുന്നതാണ് ഘടാകാശം -ഘടം എന്ന ഉപാധിയിൽ ഉള്ളത് എന്ന നിലയിൽ ഈ വ്യവഹാരം നിലനിൽക്കുന്നു. ഘടം ഉടഞ്ഞാൽ അതായത് ഉപാധി നശിച്ചാൽ ഉപാധിഗതമായ ആരോപിതഭേദവും അവസാനിക്കും. അതായത് ഘടാകാശം മഹാകാശത്തിൽ ലയിക്കുന്നു. ഇതുപോലെ വ്യക്തിനിഷ്ഠമായ ആത്മജ്ഞാനം ഉപാധിയായ ശരീരനാശത്തോടുകൂടി ഇല്ലാതാകും. ഉപാധിയായ കുടം ഇല്ലാതായപ്പോൾ കുടാകാശം മഹാകാശമായതുപോലെ ശരീരനാശത്തിൽ ശരീരാത്മാവ് പരമാത്മാവുതന്നെയെന്ന് വിദിതമാകും.

പുണ്യഭൂമിയായ ഭാരതം

ഹരിപ്രിയ

ജയ്! ഭാരത്മാതാ! ഭാരതാംബയുടെ ഓമനക്കുഞ്ഞുങ്ങളേ, ഇന്ന് നമ്മുടെ സ്വാതന്ത്ര്യദിനം! നിത്യസ്വതന്ത്രയാണ് ഭാരതം! സിദ്ധമാതാ; യശസ്വിനീ എന്ന് ദേവിയെ ലളിതാസഹസ്രനാമത്തിൽ പറയുന്നു. ഇതു ഭാരതാംബയുടെ കാര്യത്തിലും അന്വർഥമാണ്.

സിദ്ധന്മാരുടെ-മിടുക്കന്മാരുടെ- മാതാവ് അങ്ങനെ യശസ്വിനി. മക്കൾ ഭാരതരത്നങ്ങൾ. മാതാവോ ലോകരത്നം. ലോകത്തിനു ഗുരുവും, മാതാവുമാണ് ഭാരതാംബ. രത്നംപോലെ ഒരിക്കലും നശിക്കാത്ത സംസ്കാരമാണ് ഭാരതത്തിന്റേത്. കലയിലും, സാഹിത്യത്തിലും ശാസ്ത്രത്തിലും എല്ലാം ഭാരതത്തിനു സ്വതന്ത്രമായ ചിന്താഗതിയുണ്ട്.

ഭാരതീയനാണെന്നതിൽ അഭിമാനിക്കുക; ഭാരതീയസംസ്കാരത്തെ ആദരിക്കുക. ഇതിനു സാധിക്കുന്നില്ലെങ്കിൽ എത്ര സ്വാതന്ത്ര്യദിനം ആഘോഷിച്ചാലും സ്വാതന്ത്ര്യദിനമാവുകയില്ല. മൃത്യുവിന്റെ മൂർദ്ധാവിൽ ചവിട്ടി അമരത്വത്തിലേക്കു കുതിച്ച ധ്രുവതാരം പിറന്ന നമ്മുടെ നാട്ടിൽ അടിമത്തസംസ്കാരം വളർത്താനാണ് വിദേശികൾ ശ്രമിച്ചത്.

നൈമിശാരണ്യം

കുട്ടികളുടെ പംക്തി

ശ്രീകൃഷ്ണന്റേയും പാർത്ഥന്റേയും പിൻഗാമികളുണ്ടോ ഇതു സഹിക്കുന്നു! ക്ലൈബ്യം ബാധിച്ചു കിടക്കുന്നവർ ഉണർന്നു, ഗീത പഠിച്ചു. സ്വാതന്ത്ര്യസമരം ഒരു ചെറുകുരുക്ഷേത്രയുദ്ധം പോലെ ചരിത്രത്തിൽ സ്ഥാനം നേടി. കുരുക്ഷേത്രത്തിൽ ഒരു പാർഥൻ. സ്വാതന്ത്ര്യസമരത്തിലോ... ഗാന്ധിജി, തിലകൻ, നേതാജി തുടങ്ങിയ അനവധി ഗീതാശിഷ്യന്മാർ. രാവണന്റെ സംസ്കാരവും, ഗ്ലാമറുമായി വന്നവർ രാമരാജ്യത്തിന്റെ ധർമത്തിനു മുന്നിൽ മുട്ടുകുത്തി.

കുഞ്ഞുങ്ങളേ, സ്വാതന്ത്ര്യദിനത്തിന്റെ ഈ ദിവസം; നിങ്ങൾ സിനിമ കണ്ട് അലസരായിരിക്കാതെ; പത്തു മിനിട്ടു ധ്യാനിക്കൂ. നമുക്കു വേണ്ടി മരണം വരിച്ച, മർദനം സഹിച്ച, ത്യാഗം അനുഷ്ഠിച്ച ധീരദേശാഭിമാനികളേയും, അന്നത്തെ അമ്മമാരേയും ഒന്നു സ്മരിക്കൂ. രണ്ടിറ്റു കണ്ണീർ സമർപ്പിക്കൂ. അല്പം ഗീത വായിക്കൂ. എന്നിട്ട് ഭാഗവതം പറയുന്ന ഈ ഭാരതമഹത്വം കൂടി ശ്രവിക്കൂ:

ഭാഗവതം-പഞ്ചമസ്കന്ധത്തിൽ ഭാരതഭൂമിയെക്കുറിച്ച് ഇങ്ങനെ പറയുന്നു: "നരനാരായണന്മാരാണ് ഭാരതത്തിന്റെ രക്ഷകർ. അവർ ബദരിയിൽ ആത്മജ്ഞാനികളെ അനുഗ്രഹിക്കാനായി തപസ്സനുഷ്ഠിക്കുന്നു. ഭാരതീയർ വർണാശ്രമധർമങ്ങൾ അനുഷ്ഠിക്കുന്നവരാണ്. കർമക്ഷേത്രമാണ് ഭാരതം.

ഭാരതീയർ പാടി രസിക്കുന്നത് ഭഗവന്നാമങ്ങളാണ്. സുന്ദരമാണ് ഭാരതഭൂമി. നിറയെ ക്ഷേത്രങ്ങൾ. ഈശ്വരനും, തപസ്വികളും വസിച്ച വനങ്ങൾ. ഭാരതത്തിലെ ഓരോ നദിയും, ഗിരിയും, വൃക്ഷവും എല്ലാം നാരായണസ്മരണ ഉണർത്തും.

മലയം, മൈനാകും, ത്രികൂടം, ശ്രീശൈലം, ഗോവർദ്ധനം, ശബരിഗിരി ഇങ്ങനെ എണ്ണമറ്റ പർവതങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ, ചന്ദ്രവശ, തുംഗഭദ്ര, കൃഷ്ണാ, ഗോദാവരി, ഗംഗ, നിള, ഗായത്രി തുടങ്ങിയ പുണ്യനദികൾ. പിന്നെ അതിർത്തി പർവതം ഹൈമവതിയുടെ പിതൃഗൃഹമായ ഹിമാലയം. തപസ്വികളുടെ ആവാസമാണവിടം. കാശി, തിരുപ്പതി, ഗുരുവായൂർ, ശബരിമല തുടങ്ങിയ പുണ്യക്ഷേത്രങ്ങൾ.

എത്ര ഋഷീശ്വരന്മാർക്ക് ഭാരതാംബ ജന്മം നൽകി. സർവേശ്വരൻ തന്നെ തല കുലുക്കി അംഗീകരിച്ച എത്ര വേദേതിഹാസപുരാണങ്ങൾ ഇവിടെ രചിയ്ക്കപ്പെട്ടു. ഈശ്വരൻ തന്നെ മനുഷ്യരൂപത്തിൽ വന്ന് എത്ര പ്രാവശ്യമാണ് ഈ മണ്ണിൽ മുട്ടുകുത്തിക്കളിച്ചത്! (വേദം നിഷ്ഠയോടെ അധ്യയനം ചെയ്യുന്ന സ്ഥലം അന്വേഷിച്ചുവന്നതാണ് ശ്രീ ശങ്കരൻ കൊച്ചുകേരളത്തിലെ കാലടിയിൽ അവതരിച്ചത്.)

ഭാരതഭൂമിക്കു മാത്രമേ യജ്ഞാധികാരമുള്ളൂ. ഏതു ദേവനായാലും, മഹാബലിയായാലും ഭാരതത്തിൽ വന്നു യാഗം ചെയ്യണം. എന്നാലേ യജ്ഞമൂർത്തിയാഗ ഭാഗം സ്വീകരിക്കുകയുള്ളൂ.

(തുടരും...)

കക്ഷികൗശലം

(...തുടർച്ച)

ഈ കഥയിലെ താൽപര്യം മൃഗങ്ങളെ മാത്രം സംബന്ധിക്കുന്നതല്ല. മനുഷ്യരുൾപ്പെടെ ലോകത്തിലെ ജീവജാലങ്ങളിലും, പരിസ്ഥിതികളനുസരിച്ച് ജീവിതരീതി രൂപപ്പെടുത്തുന്നതു കാണാം. മനുഷ്യജീവിതത്തിൽ അതു കൂടുതൽ സ്പഷ്ടമായിരിക്കും. പൊരുത്തപ്പെട്ട പദ്ധതികളായിരുന്നാൽ അവകൊണ്ട് പുരോഗതിയും അഭിവൃദ്ധിയുമുണ്ടാവും. പൊരുത്തപ്പെടാത്തതാണെങ്കിൽ ഓരോ ദിവസം ചെല്ലുന്തോറും പുതു പ്രശ്നങ്ങളും കുഴപ്പങ്ങളും നഷ്ടവും കഷ്ടവും ഏറികൊണ്ടിരിക്കും. കാട്ടിലെ ബലശാലികളായ മൃഗങ്ങളാണ് സിംഹവും ആനയും. എന്നാൽ സിംഹത്തിന്റെ തീറ്റ ആനയ്ക്കും ആനയുടെ തീറ്റ സിംഹത്തിനും പൊരുത്തപ്പെടില്ല. ഭാരതത്തിന്റെ പഴക്കവും പാരമ്പര്യമുള്ള ഭരണസമ്പ്രദായവും ഇംഗ്ലണ്ടിലെ ഭരണസമ്പ്രദായവും വ്യത്യസ്തമാണ്. എങ്കിലും പഴയ ഭാരതീയ സംസ്കാരത്തെയും തങ്ങളുടെ പുതുസംസ്കാരത്തെയും ചേർത്തു അടിമ ഭാരതത്തെ കുറേക്കാലം അവർക്കു ഭരിക്കാൻ സാധിച്ചു. അതു അവരുടെ സാമർഥ്യം തന്നെ.

എന്നാൽ അവരുടെ വിദ്യാഭ്യാസ പദ്ധതിയുടെ മായാ പ്രഭാവത്തിൽ മുങ്ങിയ ഭാരതീയരിൽ പലരും ഇംഗ്ലീഷുക്കാരുടെ സാമർഥ്യത്തെ മനസാവരിച്ച് അനുകരിക്കുവാൻ തുടങ്ങി. ഭാരതചരിത്രം തെളിഞ്ഞബുദ്ധിയിൽ ഗ്രഹിക്കുന്നവർക്കറിയാം ജനാധിപത്യറിപ്പബ്ലിക് സിദ്ധാന്തങ്ങൾ ഭാരതത്തിനു പുത്തരിയല്ലെന്ന് വൈവിദ്ധ്യത്തിൽ ഏകാത്മകത്വം കാണുന്ന ഈ ദേശീയ വ്യവസ്ഥ ഇവിടെ സ്വാതന്ത്ര്യം കിട്ടി മുപ്പതു വർഷമായിട്ടും തളിരിട്ട് തഴയ്ക്കാൻ സാദ്ധ്യമായില്ലെന്നതു ലജ്ജാവഹമല്ലേ? ദേശീയവും സംസ്കാരികവുമെല്ലാം നേതാക്കന്മാരുടെ പ്രശംസകളിൽ ഒതുങ്ങിയിരിക്കുന്നതല്ലാതെ ഇതേവരെ സാധാരണ ജനങ്ങളുടെ ആവശ്യ തലത്തിൽ പ്രായോഗികമായിട്ടില്ല. മറിച്ച് പ്രശംസിക്കുന്നവർ തന്നെ വിപരീതം പ്രവർത്തിക്കുകയും ജനങ്ങളെ കൂടുതൽ കൂടുതൽ മരീചികകളിലേക്കു വ്യാമോഹിതരാക്കുകയുമാണുണ്ടായത്.

ഒരു വിധത്തിൽ നീലനിറം പൂശിയ കുറുക്കനെപ്പോലെ, ഇംഗ്ലീഷുകാരെ അനുകരിച്ചുണ്ടാക്കിയ ഭരണരീതിയും ഫലമുളവാക്കുന്നു. കൃത്രിമം എപ്പോഴും കൃത്രിമം തന്നെയാണല്ലോ. സ്വാർഥത, ലോഭം, മോഹം, ആളും അർഥവും ചേർത്താൽ എന്തു അധർമവും ചെയ്യാമെന്ന പാപവിചാരം, എന്തു കിട്ടിയാലും ആർത്തിയും അലങ്കോലവും അശാന്തിയും അനുകരിക്കുകയെന്നത് ഇപ്പോൾ ഏതു രംഗത്തിലും ദൃശ്യമാണ്. ഇതിനു പോംവഴി ദേശീയമായ പഴയ പഞ്ചായത്തുഭരണവ്യവസ്ഥ വീണ്ടും നടപ്പിലാക്കുകമാത്രമാണ്. ഇന്നു പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷികളുടെയെല്ലാം നിലപാട് കബളിപ്പിക്കുന്ന നീലക്കുറുക്കന്റേതാണ്. ഇങ്ങനെ തുടർന്നുപോയാൽ എവിടെയാണ് കൊണ്ടെത്തിക്കുക?